| 15–08–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ– അച്ഛൻ ബിന്ദുസ്വരൂപനാണ്, അച്ഛനെ യഥാർത്ഥരീതിയിൽ മനസ്സിലാക്കി ഓർമ്മിക്കൂ, ഇത് തന്നെയാണ് വിവേകം.**

**ചോദ്യം–** പരിധിയില്ലാത്ത ദൃഷ്ടിയിൽ സ്വപ്നം എന്നതിന്റെ അർത്ഥം എന്താണ്? ഈ ലോകത്തെ സ്വപ്ന തുല്യലോകമെന്ന് എന്തുകൊണ്ടാണ് പറയുന്നത്?
**ഉത്തരം–** സ്വപ്നം അർത്ഥം കഴിഞ്ഞുപോയ കാര്യങ്ങൾ. നിങ്ങൾക്ക് ഇപ്പോൾ അറിയാം ഇപ്പോൾ ഈ മുഴുവൻ ലോകവും സ്വപ്നതുല്യമാണ് അർത്ഥം സത്യയുഗം മുതൽ കലിയുഗത്തിന്റെ അന്ത്യം വരെ എല്ലാം കഴിഞ്ഞുപോയി, നിങ്ങൾക്ക് ഇപ്പോൾ സെക്കന്റിൽ ഈ സ്വപ്നതുല്യലോകത്തിന്റെ സ്മൃതി വന്നു. നിങ്ങൾ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തേയും, മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം ഇവയെ അറിഞ്ഞ് മാസ്റ്റർ ഭഗവാനായിരിക്കുന്നു.

**ഗീതം–** എൻ മനസ്സിൻ വാതിൽക്കൽ വന്നതാരോ..................

**ഓംശാന്തി**. ശിവബാബ തന്റെ മധുരമധുരമായ കുട്ടികളെ, കളഞ്ഞുപോയി തിരികെക്കിട്ടിയ സാലിഗ്രാമങ്ങളെ ഇരുത്തി മനസ്സിലാക്കിത്തരികയാണ്. ശിവബാബയുടെ കുട്ടികൾ സാലീഗ്രാമങ്ങൾ തന്നെയല്ലേ. കുട്ടികൾക്ക് അറിയാം ബാബ നമ്മെ പഠിപ്പിക്കുകയാണ്, എന്നാൽ സത്യത്തിൽ ആർക്കും ബാബയെ അറിയുകയില്ല. ശിവക്ഷേത്രങ്ങളിൽ പോകുന്നുണ്ട് എന്നാൽ അവിടെ ഇത്രയും വലിയ ശിവലിംഗത്തെയാണ് കാണുന്നത്. നമ്മളുടെ അച്ഛൻ ബിന്ദുവാണെന്ന് മനസ്സിലാക്കുന്നില്ല. ഏത് കുട്ടികളാണോ ശിവബാബയെ ഇത്രയും വലുതാണെന്നു കരുതി ഓർമ്മിക്കുന്നത് അഥവാ ഓർമ്മിച്ചിരുന്നത്– അവർ നിഷ്കളങ്കരാണ് എന്തെന്നാൽ അതും തെറ്റാണ്. ബാബ മനസ്സിലാക്കിത്തരുകയാണ് ഞാൻ ബിന്ദുവാണ്, ഇപ്പോൾ ബിന്ദുവിനെ ആര് എന്തെന്ന് മനസ്സിലാക്കാനാണ്. ചിലർ പറയാറുണ്ട് അഖണ്ഢജ്യോതി സ്വരൂപമാണ്, ഇങ്ങനെയാണ് പക്ഷേ അല്ല, ബാബ ബിന്ദുവാണ്. ബാബയെ ഓർമ്മിക്കുന്നത് വളരെ ബുദ്ധിമുട്ടാണ്. മിനിറ്റിന് മിനിറ്റിന് മറന്നുപോകുന്നു. ഭക്തിമാർഗ്ഗത്തിൽ ശിവലിംഗത്തിൽ പുഷ്പങ്ങൾ അർപ്പിക്കുന്നതും പൂജിക്കുന്നതും ശീലമായതിനാൽ അത് ഓർമ്മയിലുണ്ടാകും. എന്നാൽ അച്ഛൻ ബിന്ദുരൂപനാണെന്ന കാര്യം ഇടക്കിടെ മറന്നുപോകുന്നു. മുഴുവൻ ഡ്രാമയിലും അവർക്ക് എന്താണോ പാർട്ട് അത് അഭിനയിക്കുന്നു. എന്താ ഇരുന്ന് ബിന്ദുരൂപത്തിന്റെ മഹിമ ചെയ്യുമോ സുഖസാഗരനാണ്, ശാന്തിയുടെ സാഗരനാണ് എന്നിങ്ങനെ......... എത്ര ചെറിയ ബിന്ദുരൂപമാണ്.

കുട്ടികൾ ചോദിക്കുന്നു ആരെയാണ് ഓർമ്മിക്കേണ്ടത്? ഈ കാര്യങ്ങളെല്ലാം വിവേകശാലികൾക്കേ മനസ്സിലാക്കാൻ കഴിയൂ. അല്ലെങ്കിൽ പിന്നെ വീണ്ടും അതേ ശിവലിംഗം തന്നെ ഓർമ്മവരും. കൃഷ്ണന്റെ ഓർമ്മ നല്ലരീതിയിൽ ബുദ്ധിയിലിരിക്കും. ഇവിടെയാണെങ്കിൽ ബിന്ദുവാണ്. ഗീതത്തിലും പാടുന്നുണ്ട് ഓർമ്മിച്ചിട്ടും ഓർമ്മവരുന്നില്ല പിന്നീട് ആ മുഖം എങ്ങിനെയിരിക്കും? ഇതും അത്ഭുതകരമാണ്, എത്ര ചെറിയ ബിന്ദുവാണ്! ജ്ഞാനഡാൻസ് ചെയ്യുന്നു. പറയാറുണ്ട്– ഇത് സ്വപ്നലോകമാണ്. കഴിഞ്ഞ കാര്യങ്ങളെയാണ് സ്വപ്നമെന്നു പറയുന്നത്. സ്വപ്നത്തിലുള്ള ലോകം, എന്താണോ കഴിഞ്ഞുപോയത് അത് നിങ്ങളുടെ ബുദ്ധിയിൽ വരുന്നു. മുഴുവൻ ബ്രഹ്മാണ്ഡം, മൂലവതനം, സൂക്ഷ്മവതനം, സത്യയുഗം, ത്രേതായുഗം, ദ്വാപരം എല്ലാം സ്വപ്നമായിരിക്കുന്നു. എന്താണോ കഴിഞ്ഞുപോയത് അത് സ്വപ്നമായി. ഇപ്പോൾ കലിയുഗത്തിന്റേയും അന്ത്യമാണ്. ഇത് സ്വപ്നലോകമായില്ലേ. പരിധിയുള്ള സ്വപ്നങ്ങൾ വരാറുണ്ട്. നിങ്ങൾക്ക് പരിധിയില്ലാത്ത ബുദ്ധിയിലാണ് വരുന്നത്. സൂര്യവംശി, ചന്ദ്രവംശീ എല്ലാം സ്വപ്നമായി. ഇതിനെയാണ് പറയുന്നത് സ്വപ്നലോകം. ഇത്രയും രഹസ്യങ്ങൾ നിങ്ങൾ കുട്ടികൾക്ക് അല്ലാതെ മറ്റാർക്കുമറിയില്ല. സത്യയുഗത്തിൽ എത്ര അളവില്ലാത്ത സുഖമായിരുന്നു– അതും കഴിഞ്ഞുപോയി. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ആദി മദ്ധ്യ അന്ത്യത്തിന്റെ മുഴുവൻ ജ്ഞാനവുമുണ്ട്. ഒരു ബാബയുടെ ഓർമ്മയാണ് ഉണ്ടായിരിക്കേണ്ടത്. ബാബ എന്താണോ മനസ്സിലാക്കിത്തരുന്നത് അത് മറ്റാർക്കും മനസ്സിലാക്കിത്തരാൻ കഴിയില്ല. നിങ്ങളുടെ ബുദ്ധിയിൽ സ്വപ്നലോകമാണുള്ളത്. ഇന്നത് ഇന്നത് എല്ലാം കഴിഞ്ഞുപോയി എന്ന് ബുദ്ധി അറിയുന്നില്ലേ. നിങ്ങൾക്ക് മുകളിൽ നിന്ന് തുടങ്ങി മുഴുവൻ അറിവും ബുദ്ധിയിലുണ്ട്– ആദ്യം മുതൽ അന്ത്യം വരെയുള്ളത്. നിങ്ങൾ ഇപ്പോൾ ത്രികാലദർശികളും ത്രിലോകത്തിന്റെയും നാഥന്മാരുമായിരിക്കുന്നു. ത്രിലോകങ്ങളുടേയും നാഥനാകുന്നതിലൂടെ നിങ്ങൾ ഭഗവാനെപ്പോലെയാകുന്നു. ഭഗവാൻ ഇരുന്ന് നിങ്ങളെ പഠിപ്പിക്കുകയാണ്. സെക്കന്റിൽ സ്വപ്നം കാണാറില്ലേ. അതുപോലെ സെക്കന്റിൽ നിങ്ങൾക്ക് മുഴുവൻ വൃക്ഷത്തേയും ബീജത്തേയും ഓർമ്മവരണം. ബാബയും പറയുന്നു–

എന്നിൽ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട് അതിനാലാണ് എന്നെ ജ്ഞാനസാഗരൻ, നോളേജ്ഫുൾ, എല്ലാം അറിയുന്നവൻ എന്ന് പറയുന്നത്. അറിയാം ഓരോരുത്തരുടേയും അവസ്ഥ ഇങ്ങനെതന്നെയിരിക്കുമെന്ന്. ഓരോരുത്തരുടേയും അവസ്ഥയിൽ ഞാൻ ഇരുന്ന് എന്ത് കാണാനാണ്! ഏത് അവസ്ഥ കല്പം മുമ്പ് ഉണ്ടായിരുന്നോ, അതേ അവസ്ഥയിലാണ്. അത് നിങ്ങൾക്കും അറിയാവുന്നതാണ്. പുരുഷാർത്ഥം ചെയ്യാൻ വേണ്ടി പറയുന്നു– നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യൂ.

ഇപ്പോൾ നിങ്ങൾക്ക് സ്വദർശന ചക്രധാരിയായി മാറണം. നിങ്ങൾക്ക് അറിയാം ഇന്ന–ഇന്നകാര്യങ്ങൾ കഴിഞ്ഞുപോയി– ഇങ്ങനെ ദേവതകൾ രാജ്യം ഭരിച്ചിരുന്നു വീണ്ടും വന്ന് രാജ്യം ഭരിക്കും. കഴിഞ്ഞുപോയതും ഇപ്പോൾ നടക്കുന്നതും വരാനിരിക്കുന്നതും ഓർമ്മിച്ചുകൊണ്ടിരിക്കും. അതിനെത്തന്നെയാണ് സ്വദർശനചക്രം എന്ന് പറയുന്നത്. ശിവലിംഗത്തെ ഓർമ്മിച്ചാണ് ശീലമായത്. അതിനാൽ മനസ്സിലാക്കുന്നു ബാബ ജ്യോതിർലിംഗമാണ്. ബിന്ദുവെന്ന് പറഞ്ഞാൽ ആശയക്കുഴപ്പമായി. അവർ മനസ്സിലാക്കുന്നു ആത്മാവ് ചെറുതാണ്, പരമാത്മാവ് വലുതാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം– ഈ കലിയുഗലോകത്തിൽ ഈ സമയത്ത് എത്ര ഷോയാണ്! വളരെ വലിയ കൊട്ടാരങ്ങൾ ഉണ്ടാക്കുന്നു. അമേരിക്കയിൽ എന്തെല്ലാം ആർഭാടമാണ്! എത്ര ഭംഗിയായി സാധനങ്ങൾ ഉണ്ടാക്കുന്നു. നമ്മൾ മനസ്സിലാക്കുന്നുണ്ട് ഇതെല്ലാം വിലയില്ലാത്ത സാധനങ്ങളാണ് ഇപ്പോൾ നശിക്കാനുള്ളതാണ്. ദിനംപ്രതി ദിനം വലിയ വലിയ കെട്ടിടങ്ങളും ഡാമുകളും ഉണ്ടാക്കും, തീർത്തും പുതിയ ലോകം പോലെ. മായാവി മനുഷ്യരല്ലേ. ആസുരീയ സമ്പ്രദായത്തിന്റെ പ്രദർശനമാണ്. ഇതെല്ലാം മാജിക്കാണ്, ഇപ്പോൾ എല്ലാം അവസാനിക്കാൻ പോവുകയാണ്. വലിയ വലിയ ശാസ്ത്രജ്ഞന്മാരുടെ ബുദ്ധിയിലുണ്ട് ഇതെല്ലാം അവസാനിക്കാൻ പോവുകയാണെന്നത്. പരസ്പരം പറയുന്നു നിങ്ങൾ ഇതിൽ ഇടപെടരുത്, ഇല്ലെങ്കിൽ എല്ലാം അവസാനിക്കും. അമേരിക്ക സ്വയം ശക്തിശാലിയാണെന്നു കരുതുന്നു എങ്കിൽ രണ്ടാമതായും ആരെങ്കിലും നേരിടാൻ ഉണ്ടാകുമല്ലോ. രണ്ട് പൂച്ചകൾ പരസ്പരം അടികൂടിയതിന്റെ കഥയുമുണ്ട്. യാദവർ തന്റെ കുലത്തിന്റെ വിനാശം ചെയ്തു, എങ്കിൽ ആ രണ്ട് പൂച്ച അവരല്ലേ. അതുതന്നെയാണ് പ്രാക്ടിക്കലായി നടക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് അറിയും മുമ്പും നിങ്ങൾ തന്നെയാണ് ജ്ഞാനം എടുത്തത്. ഇപ്പോഴും എടുക്കുകയാണ്. ബാബ വന്ന് മുഴുവൻ ജ്ഞാനവും മനസ്സിലാക്കിത്തരുകയാണ്. എങ്ങനെയാണോ ബാബയുടെ ബുദ്ധിയിലുള്ളത് അതുപോലെ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുമുണ്ട്. ശിവനെന്നു പറയുന്നത് ബിന്ദുവിനെയാണ്. ആത്മാവിൽ മുഴുവൻ പാർട്ടുമുണ്ട്. നിങ്ങളുടേത് സത്യയുഗം മുതൽ കലിയുഗം വരെയുള്ള ഓൾറൗണ്ട് പാർട്ടാണ്. സത്യ ത്രേതായുഗങ്ങളിൽ നിങ്ങൾ സുഖം അനുഭവിക്കുമ്പോൾ ബാബയ്ക്ക് ഒരു പാർട്ടുമില്ല. ബാബ പറയുന്നു എന്നെക്കാൾ കൂടുതൽ പാർട്ട് നിങ്ങൾക്കാണുള്ളത്. നിങ്ങൾ സുഖത്തിൽ ഇരിക്കുമ്പോൾ ഞാൻ നിർവ്വാണധാമത്തിലാണ്. അപ്പോൾ എനിക്ക് ഒരു പാർട്ടുമില്ല. നിങ്ങൾ ഓൾറൗണ്ട് അഭിനയിക്കുന്നു അതിനാൽ ക്ഷീണിക്കുന്നതും നിങ്ങൾ തന്നെയാണ് അതിനാലാണ് എഴുതിയിരിക്കുന്നത്– പാദം തടവിക്കൊടുത്തു. ബാബ പറയുന്നു– കുട്ടികളേ നിങ്ങൾ ക്ഷീണിച്ചിരിക്കുന്നു. നിങ്ങൾ അരകല്പം ഭക്തി ചെയ്തു, ഓരോയിടത്തുനിന്ന് വഞ്ചിതരായി. ഭക്തിമാർഗ്ഗത്തിൽ അലഞ്ഞ് അലഞ്ഞ് നിങ്ങൾ ക്ഷീണിച്ചുപോയി പിന്നീട് ബാബ വന്ന് ആശ്രയം നൽകുന്നു, പൂജാരിയിൽ നിന്നും പൂജ്യനാക്കി മാറ്റുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ പൂജ്യരായിരുന്നു പിന്നീട് പൂജാരിയായി മാറി. പരമാത്മാവ് തന്നെ പൂജ്യനും പൂജാരിയുമാകുന്നു– അല്ല, നമ്മൾ തന്നെയാണ് അങ്ങനെയാകുന്നത്.

ഭാരതത്തിന് തന്നെയാണ് അവിനാശി ഖണ്ഡമെന്ന മഹിമയുള്ളത്. ഭാരതമാണ് ശിവബാബയുടെ ജന്മഭൂമി. ജന്മഭൂമിയിലാണ് മനുഷ്യർ ബലിയാകുന്നത്. നോക്കൂ കോൺഗ്രസുകാരും ജന്മഭൂമിയ്ക്കുവേണ്ടി എത്ര അടികൊണ്ടു. വിദേശികളെ പുറത്താക്കി. ഈ ജന്മഭൂമി സ്വർഗ്ഗമായിരുന്നു. പിന്നീട് 5 വികാരങ്ങളാകുന്ന മായ വന്ന് പിടികൂടി. നമ്മൾ രാവണനെ ഏറ്റവും വലിയ ശത്രുവെന്നു കരുതുന്നു. ഇത് ആരും മനസ്സിലാക്കുന്നില്ല വലുതിലും വലിയ ശത്രു മായാരാവണനാണ്, നമ്മുടെ രാജ്യപദവി നഷ്ടപ്പെടുത്തി. ഇത് ആരുംകാണാതെ വരുന്ന എലിയെപ്പോലെ കടിച്ചു മുറിച്ചുകൊണ്ടിരിക്കും, ഇത് ആരും അറിയുന്നേയില്ല. കരണ്ട് കരണ്ട് തീർത്തും പാപ്പരാക്കുന്നു. ആർക്കും അറിയില്ല നമ്മുടെ രാജ്യം കൊള്ളയടിക്കപ്പെട്ടിരിക്കുന്നുവെന്ന്. ചിലർക്ക് ഇതുപോലും അറിയില്ല നമ്മുടെ ശത്രു ആരാണ്? നമ്മൾ ദരിദ്രരായത് എങ്ങനെയാണ്? മായ വളരെ വലിയ എലിയാണ് അരകല്പം തിന്ന് തിന്ന് ഭാരതത്തെ കക്കയ്ക്കുതുല്യമാക്കി മാറ്റി. വളരെ ബലവാനാണ്. ഇപ്പോൾ നിങ്ങൾ വീണ്ടും ആരും അറിയാതെ പതുക്കെ അതിനുമേൽ വിജയം നേടുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ എത്ര ഗുപ്തമായ രീതിയിലാണ് രാജ്യം നേടുന്നതെന്ന്. എത്ര ഗുപ്തമായി നഷ്ട്ടപ്പെടുത്തിയോ അതേപോലെ ഗുപ്തമായി നേടുകയും ചെയ്യുന്നു. ആർക്കും അറിയില്ല– വീണ്ടുമിപ്പോൾ ഇതിനുമേൽ വിജയം നേടണമെന്ന്. എത്ര സൂക്ഷ്മമായ രഹസ്യമാണ്! ബാബയുടെ സഹായത്തോടെ നമ്മൾ വീണ്ടും രാജ്യഭാഗ്യം നേടുകയാണ്. കൈയോ കാലോ ഒന്നും പ്രയോഗിക്കുന്നില്ല.

ഗുപ്തമായ രീതിയിൽ നമ്മൾ നമ്മുടെ പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുന്നു, അത് അരകല്പത്തിലേയ്ക്ക് ഉണ്ടാകും. മായയാകുന്ന എലി പതുക്കെ പതുക്കെയാണ് കഴിക്കുന്നത് പിന്നെ നിങ്ങൾ ഇപ്പോൾ ഒരേ ഒരു തവണയാണ് രാജ്യം എടുക്കുന്നത് 21 ജന്മങ്ങളിലേയ്ക്കായി. 84 ജന്മങ്ങളുടെ രഹസ്യവും നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്, എത്ര എത്ര ജന്മങ്ങൾ എടുത്തു. നിങ്ങൾക്ക് അറിയാം സത്യയുഗത്തിൽ നമ്മുടെ ആയുസ്സ് വളരെ കൂടുതലായിരുന്നു. പിന്നീട് അപവിത്രമായ ഭോഗികളാകുമ്പോൾ ദ്വാപര കലിയുഗങ്ങളിൽ 63 ജന്മമെടുക്കുന്നു. ഇത് ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. കല്പ കല്പം മായ ഇങ്ങനെയാണ് രാജ്യം നേടുന്നത് പിന്നീട് നമ്മൾ മായയിൽ നിന്നും നേടും. ഗീതത്തിൽ പാടുന്നുണ്ട്- ഏത് ദേശത്തിൽ നിന്നാണ് വന്നത്, ഏത് ദേശത്തിലേയ്ക്കാണ് പോകേണ്ടത്.......? പക്ഷേ മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് അറിയാം ആത്മാവ് ഏത് ദേശത്തിൽ നിന്നാണ് വന്നത്? എന്തിനാണ് വന്നത്? മുഴുവൻ ചക്രവും ബുദ്ധിയിലുണ്ട്. മുഴുവൻ ഡ്രാമയിലും ഹീറോ ഹീറോയിൻ പാർട്ട് ശിവബാബയുടേതാണ്. ശിവബാബയോടൊപ്പം പാർട്ട് ധാരികളായവർ ആരെല്ലാമാണ്? ആദ്യമാദ്യം ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർക്ക് ജന്മം നൽകുന്നു ശേഷം നിങ്ങൾ കുട്ടികൾക്കും. നിങ്ങൾ അച്ഛനോടൊപ്പം സഹായികളാണ്. ബാബ തന്റെ പാർട്ട് അഭിനയിച്ച് തന്റെ വീട്ടിലേയ്ക്ക് പോകുന്നു, നിങ്ങൾ സഹായികളേയും മുക്തിധാമത്തിലേയ്ക്ക് കൂടെക്കൊണ്ടുപോകുന്നു. നിങ്ങൾ മുക്തിധാമത്തിൽ പോയിട്ട് പിന്നീട് ജീവന്മുക്തിയിലേയ്ക്ക് പോകും. ഇത് എത്ര നല്ലരീതിയിൽ ബുദ്ധിയിൽ വെയ്ക്കണം! അതിനാൽ ഇതാണ് സ്വപ്നലോകം ഇത് കഴിഞ്ഞുപോയതാണ്.

നിങ്ങൾക്ക് അറിയാം സത്യ ത്രേതായുഗങ്ങളിൽ ദേവീദേവതകളായിരുന്നു വസിച്ചിരുന്നത്, ഇപ്പോൾ ഇല്ല. ഗീതത്തിലും എത്ര ഗുഹ്യമായ രഹസ്യമാണ്- സ്വപനലോകത്തെ ബുദ്ധിയിൽ എടുത്തുവെച്ചിരിക്കുന്നു? മുഴുവൻ ചക്രവും എങ്ങനെയാണ് കറങ്ങുന്നത്? എന്ത് ജ്ഞാനം ബാബയിലുണ്ടോ അത് നമ്മളിലുമുണ്ട്. പരിധിയില്ലാത്ത അച്ഛനിൽ തന്നെയാണ് പരിധിയില്ലാത്ത ജ്ഞാനമുള്ളത്. കുട്ടികൾക്ക് അറിയാം- ഇതും സ്വപ്നമായിരിക്കുന്നു. ഇത് മനസ്സിലാക്കേണ്ടതും മനസ്സിലാക്കിക്കൊടുക്കേണ്ടതുമായ വളരെ വലിയ കാര്യമാണ്. സത്യ ത്രേതായുഗങ്ങളിൽ ഈ കാര്യങ്ങൾ ആരുടേയും ബുദ്ധിയിൽ ഉണ്ടാവില്ല. ഗുഹ്യമായ പോയിന്റ്സ് ലഭിച്ചുകൊണ്ടിരിക്കും. ബുദ്ധിയിൽ മുഴുവൻ ചക്രവും ഉണ്ടായിരിക്കണം. ഭക്തിമാർഗ്ഗം എന്താണ്, എപ്പോൾ മുതലാണ് ആരംഭിച്ചത്, ഇതിലൂടെ ഒരു ലാഭവും ഉണ്ടായില്ല. ഭക്തി ചെയ്ത് ചെയ്ത് നഷ്ടമാണ് ഉണ്ടായത്. ഇപ്പോൾ നിങ്ങൾ വീണ്ടും കക്കയിൽ നിന്നും വജ്രമായി മാറുകയാണ്. മായ കക്കയ്ക്ക് സമാനമാക്കി മാറ്റുന്നു. ബാബ ജ്ഞാനഡാൻസ് പഠിപ്പിച്ചുതരികയാണ്. പിന്നീട് നിങ്ങൾ അവിടെച്ചെന്ന് ഡാൻസ് കളിക്കും. ഇത് എല്ലാം അറിയേണ്ടതായ അത്ഭുതകരമായ കാര്യങ്ങളാണ്. ഇവിടെയുള്ള രീതികളും ആചാരങ്ങളും അവിടെ ഉണ്ടാവുകയേയില്ല. അത് നിർവ്വികാരിയായ ലോകമാണ്. അവിടെ മായയുടെ പേരോ അടയാളമോ പോലുമുണ്ടാകില്ല. ആദ്യം നിങ്ങൾ ബാബയെ ഓർമ്മിക്കൂ, സമ്പത്ത് എടുക്കൂ, ബാക്കി അവിടെ എന്ത് രീതിയും ആചാരവുമാണോ ഉള്ളത്, അത് നടക്കും. അവിടെയുള്ള രീതികളും ആചാരങ്ങളും തീർത്തും പുതിയതായിരിക്കും. അവിടെ ഇവിടെയുള്ളതുപോലുള്ള ഉത്സവങ്ങളൊന്നുമുണ്ടാകില്ല. ഇവിടെ ഉദാസീനമായിരിക്കുന്നതുകൊണ്ടാണ് ഉത്സവങ്ങൾ ആഘോഷിക്കുന്നത്. അവിടെ ദിവസവും ഉത്സവതുല്യമായിരിക്കും. കരയേണ്ട ആവശ്യവുമുണ്ടാകില്ല. ഉത്സവം ആഘോഷിക്കേണ്ട കാര്യമില്ല. നമ്മുടെ എല്ലാ ദിവസവും വളരെ നല്ലതായിരിക്കും. അവിടെ വിവാഹവും വളരെ ആഘോഷപൂർണ്ണമായിരിക്കും, സ്ത്രീധനം ലഭിക്കും, ദാസ- ദാസിമാരെ ലഭിക്കും. ബാക്കി ഉത്സവങ്ങളുടെ കാര്യമില്ല. ഇത് തന്നെയാണ് സംഗമത്തിലെ ഉത്സവം, ഇത് ഭക്തിമാർഗ്ഗത്തിൽ ആഘോഷിക്കും. അവിടെയാണെങ്കിൽ എപ്പോഴും സന്തോഷം തന്നെ സന്തോഷമായിരിക്കും.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1. സ്വദർശന ചക്രം കറക്കി മായയ്ക്കുമേൽ ഗുപ്തരീതിയിൽ വിജയം പ്രാപ്തമാക്കണം. ബാബയ്ക്കു സമാനം നോളേജ്ഫുള്ളായിരിക്കണം.

2. ബാബ എന്താണോ, എങ്ങനെയാണോ, ബാബയെ യഥാർത്ഥരീതിയിൽ മനസ്സിലാക്കി ഓർമ്മിക്കണം. ബിന്ദുവായി മാറി, ബിന്ദുവായ ബാബയുടെ ഓർമ്മയിൽ ഇരിക്കണം. ഒന്നുമറിയാത്തവരെപ്പോലെയാകരുത്.

**വരദാനം – ബാബയുടെ നിർദ്ദേശമനുസരിച്ച് സേവ എന്ന് മനസിലാക്കി ഓരോ കാര്യവും ചെയ്യുന്ന അക്ഷീണ സേവാധാരിയും ബന്ധനമുക്തരുമായി ഭവിക്കട്ടെ.**

പ്രവർത്തികളെ സേവനം എന്ന് മനസിലാക്കി ചെയ്യൂ ബന്ധനം എന്ന് മനസിലാക്കിയല്ല. ബാബ നിർദ്ദേശം നൽകിയിട്ടുണ്ട് – യോഗബലത്തിലൂടെ കർമ്മകണക്കുകൾ ഇല്ലാതാക്കൂ. അത് ബന്ധനമാണെന്ന് അറിയാം എങ്കിലും ഇടക്കിടെ പറയുന്നതിലൂടേയോ ചിന്തിക്കുന്നതിലൂടെയോ കൂടുതൽ കടുത്ത ബന്ധനമാകുന്നു. അന്തിമ സമയം ബന്ധനമാണ് ഓർമ്മ വരുന്നതെങ്കിൽ ഗർഭ ജയിലിൽ പോകേണ്ടി വരും. അതിനാൽ സ്വയം ഒരിക്കലും മടുക്കരുത്. കുടുങ്ങുകയുമരുത് മടുക്കുകയുമരുത് കളിയെന്ന് മനസിലാക്കി ഓരോ കാര്യവും ചെയ്യുകയാണെങ്കിൽ അക്ഷീണരും ബന്ധനമുക്തരുമായി തീരും.

**സ്ലോഗൻ – ഭൃകുടിയാകുന്ന കുടിലിൽ തപസീ മൂർത്തിയായി ഇരിക്കൂ – ഇത് തന്നെയാണ് അന്തർമുഖത.**